മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

219 (2774) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014 ഡിസംബർ 31 -നു മുമ്പായി പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ ;

(സി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ;

(ഡി) കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ചുവടെ പറയുന്നു :

1. സബ്സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഇലക്ട്രിക് കണക്ഷൻ ലഭിക്കാനുണ്ട്.
2. ഇതിനായി പാനൽ ബോർഡ് മുറി സ്ഥാപിക്കേണ്ടതുണ്ട്.
3. കാലപ്പഴക്കം ചെന്ന നിലവിലെ പഴയ പമ്പ് ഹൗസ് പുനർനിർമ്മിക്കേണ്ടതുണ്ട്.
4. 95 എച്ച്.പി. കുതിരശക്തിയുള്ള പമ്പ്സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുവാനുണ്ട്.

(ബി) ഈ പദ്ധതിക്ക് തടസ്സമായി നിൽക്കുന്ന മേൽ വിഷയങ്ങൾ പരിഹരിച്ചു കിട്ടുന്ന മുറയ്ക്ക് പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

(സി&ഡി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റെയിൽവേ ക്രോസിംഗിനുള്ള അനുമതി, പ്രായിക്കര പാലത്തിലൂടെയുള്ള അനുമതി എന്നിവ ലഭിക്കാത്തതും, ഗ്യാപ്പ് കണക്ഷൻ കൂട്ടിയോജിപ്പിക്കൽ, വാൽവുകൾ,

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക് സബ്സ്റ്റേഷൻ എന്നിവ കുറത്തിക്കാട് കടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളായി നിൽക്കുന്നു. ഇവ പരിഹരിച്ചാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

തൃക്കാക്കര, കളമശ്ശേരി എന്നീ നഗരസഭകളെ ബന്ധിപ്പിച്ചുള്ള ജലവിതരണ പദ്ധതി

220 (2775) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കാക്കര, കളമശ്ശേരി എന്നീ നഗരസഭകളെ ബന്ധിപ്പിച്ച് ജലവിതരണ പദ്ധതി തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം ലഭ്യമായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വർക്ക് എന്നാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കൊച്ചി നഗരസഭയും ആലുവ, തൃക്കാക്കര, കളമശ്ശേരി, ഏലൂർ എന്നീ മുനിസിപ്പാലിറ്റികൾക്കും സമീപപ്രദേശത്തുള്ള 10 ഗ്രാമപഞ്ചായത്തുകൾക്കും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള കൊച്ചി കുടിവെള്ള പദ്ധതി പാർട്ട്-ഒന്നിന്റെ ഒന്നാം ഘട്ടമായ കൊച്ചി ഇടക്കാല വിപുലീകരണ പദ്ധതിക്കുള്ള 238.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ലഭ്യമായിട്ടില്ല.

കാസർഗോഡ് നഗരത്തിലെ ശുദ്ധജല ക്ഷാമം

221(2776) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ വന്നതിനുശേഷം കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ;

(ബി) ജലവിതരണം മുടങ്ങാതിരിക്കാൻ പ്രവർത്തനക്ഷമമല്ലാത്ത പഴയ പമ്പുകൾക്ക് പകരം പുതിയ പമ്പുകൾ വാങ്ങാൻ എത്ര തുകയാണ് അനുവദിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly